# Malayala Manorama

## 27 August 2018

## Kochi, After Flood, Flood Relief, Cleaning, Marcus Kashmiri Students




എറണാകുളം ജില്ലയിലെ പ്രളയ ബാധിത പ്രദേശങ്ങളിൽ ശുചീകരണത്തിനെത്തിയ മർകസ് കശ്മീരി ഹോമിലെ വിദ്യാർഥികൾ ചെങ്ങമനാട് പഞ്ചായത്ത് പ്രസിഡന്റ് ദിലീപ് കപ്രശേരിക്കൊപ്പം.

# ദുരിതഭൂമിയിൽ സ്നേഹലോകമൊരുക്കി മർകസ് കശ്മീരി വിദ്യാർഥികൾ

കൊച്ചി ● പ്രളയബാധിത പ്രദേശങ്ങളിൽ സ്നേഹവും സാന്ത്വനവും സഹായവുമായി മർകസ് കശ്മീരി ഹോമിലെ 42 വിദ്യാർഥികൾ ഒരു ദിനം മുഴുവൻ വിവിധ സ്ഥലങ്ങളിൽ ശുചീകരണം നടത്തി. കേരളത്തെ ബാധിച്ച ദുരന്തത്തിന്റെ ഭീകരത പത്രവാർത്തകളിലൂടെ കണ്ടറിഞ്ഞ വിദ്യാർഥികൾ സ്വയം താൽപര്യമെടുത്തു മർകസ് മാനേജ്മെന്റിന്റെ അനുമതിയോടെയാണു വീടുകളും വിദ്യാഭ്യാസ സ്ഥാപങ്ങളും വൃത്തിയാക്കിയത്.

ഏഴു ഗ്രൂപ്പുകളായി തിരിഞ്ഞു ചെങ്ങമനാട് പഞ്ചായത്തിലാണ് ഇവർ ശുചീകരണം നടത്തിയത്.

മർകസ് കശ്മീരി ഹോമിലെ ബിബിഎ ഒന്നാം വർഷ വിദ്യാർഥി ഉവൈസ് അഹമ്മദ് ബാറാമുള, റാഷിദ് അഹ്മദ് കുപ്വാര എന്നിവരുടെ നേതൃത്വത്തിലാണു വിദ്യാർഥികൾ എത്തിയത്. 2014ൽ കശ്മീരിൽ പ്രളയം ഉണ്ടായപ്പോൾ അന്ന് സന്നദ്ധ സേവനത്തിനിറങ്ങി അനുഭവ സമ്പത്തുള്ള ആളാണ് ഉവൈസ് അഹമ്മദ്.

കേരളത്തിലെ പ്രളയ ദൃശ്യങ്ങൾ കണ്ടപ്പോൾ അന്നു കശ്മീരിൽ നടന്ന ദുരന്തം ഓർമ വന്നുവെന്ന് ഉവൈസ് പറഞ്ഞു. കശ്മീരിലെ പ്രളയം കഴിഞ്ഞു പകർച്ചവ്യാധികൾ പടർന്നു കുറേ പേർ മരിച്ചെന്നും അതിനാൽ മലയാളികൾ ശ്രദ്ധിക്കണമെന്നും റാഷിദ് അഹ്മദ് പറഞ്ഞു.

പഞ്ചായത്ത് പ്രസിഡന്റ് ദിലീപ് കപ്രശേരി വിദ്യാർഥികളെ അഭിനന്ദിച്ചു.

മർകസ് നോളജ് സിറ്റി സി.ഇ.ഒ ഡോ. അബ്ദുസലാം, മർകസ് എൻജിനീയറിങ് വിഭാഗത്തിലെ മുഹമ്മദ് റാഫി നൂറാനി തുടങ്ങിയവരും സംഘത്തോടൊപ്പമുണ്ടായിരുന്നു.